**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 200** **24-06-2024 - ൽ മറുപടിയ്ക്ക്**

**കേരള ക്ലൈമറ്റ് റിസൈലന്റ് അഗ്രി-വാല്യൂ ചെയിൻ മോഡണൈസേഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ. പി. വി. അൻവർ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ പ്ലാന്റേഷൻ മേഖലയെ ഒരു ബ്രാൻഡായി ഉയർത്തിക്കൊണ്ടുവരുന്നതിന് ലക്ഷ്യമിട്ട് ആസൂത്രണം ചെയ്തുവരുന്ന പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ; | (എ) | തോട്ടം മേഖല നേരിടുന്ന വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ട് പ്ലാന്റേഷനുകളുടെ ഉത്പാദനക്ഷമതയും ലാഭവും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വ്യവസായ വകുപ്പിന് കീഴിൽ പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിച്ചിട്ടുണ്ട്. കേരളത്തിലെ പ്ലാന്റേഷൻ മേഖലയുടെ ബ്രാൻഡിങ്ങ് ശക്തിപ്പെടുത്തുന്നതിനും തോട്ടം മേഖലയിലെ ഉത്പന്നങ്ങളുടെ വിപണനത്തിനുമായി പ്ലാന്റേഷൻ ഡയറക്ടറേറ്റിൻറെ നേതൃത്വത്തിൽ 2023 ൽ തിരുവനന്തപുരത്തും 2024 ൽ കൊച്ചിയിലും പ്ലാന്റേഷൻ എക്സ്പോ സംഘടിപ്പിച്ചു. തോട്ടം മേഖലയിലെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ സമൂഹത്തിലും വിപണിയിലും പരിചയപ്പെടുത്തുന്നതിനും അവയെക്കുറിച്ച് ബോധവൽക്കരിക്കുന്നതിനും മേളയിൽ സാധിച്ചു. എല്ലാ വർഷവും തുടർന്നും പ്ലാന്റേഷൻ എക്സ്പോ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 2023 ൽ ന്യൂഡൽഹിയിലെ പ്രഗതി മൈതാനത്ത് വച്ച് നടന്ന ഇന്ത്യ അന്താരാഷ്ട്ര ട്രേഡ് ഫെയറിൽ കേരളത്തിലെ തോട്ടം വിളകൾ പ്രദർശിപ്പിക്കുകയും കേരള തോട്ടം ഉൽപ്പന്നങ്ങൾ അന്താരാഷ്ട്ര തലത്തിൽ പരിചയപ്പെടുത്തുന്നതിന് സാധിക്കുകയും ചെയ്തു. കൂടാതെ 2023 ബാംഗ്ലൂരിൽ വച്ച് നടന്ന വേൾഡ് കോഫി കോൺക്ലേവിൽ കേരള കോഫീക്ക് വേണ്ടി പവലിയൻ സജ്ജീകരിക്കുകയും കേരളത്തിലെ കോഫി ഉത്പന്നങ്ങളെ പരിചയപ്പെടുത്തുകയും മേളയിൽ കേരള പവലിയൻ പ്രത്യേക ശ്രദ്ധ നേടുകയും ചെയ്തിട്ടുണ്ട്. ഈ വർഷം ഡെൻമാർക്കിൽ നടക്കുന്ന വേൾഡ് കോഫി കോൺക്ലേവിൽ കേരളത്തിലെ കോഫി ഉത്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

| | | | |
|---|---|---|---|
| | | | രാജ്യ-അന്താരാഷ്ട്ര വിപണന മേളകളിൽ കേരള പ്ലാന്റേഷൻ ഉത്പന്നങ്ങൾ പരിചയപ്പെടുത്തുന്നതിനും വിപണനം നടത്തുന്നതിനുമായുള്ള സഹായങ്ങൾ പ്ലാന്റേഷൻ ഡയറക്ടറേറ്റ് മുഖേന നടത്തി വരുന്നു. മേയ്ഡ് ഇൻ കേരള പ്രോജക്ടിൽ തേയില, കാപ്പി, ഏലം എന്നീ വിഭവങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കേരള തോട്ടം ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവിനായും മാർക്കറ്റിംഗ് അസിസ്റ്റൻസിനുമായുള്ള സഹായങ്ങൾ ഏർപ്പെടുത്തുന്നതിന് പ്ലാന്റേഷൻ ഡയറക്ടറേറ്റ് മുഖേന പദ്ധതികൾ തയ്യാറാക്കി വരുന്നു. |
| (ബി) | തോട്ടം മേഖലയുടെ നിലവിലെ അവസ്ഥയെക്കുറിച്ചും പ്രസ്തുത മേഖലയിൽ നടപ്പിലാക്കാവുന്ന വൈവിധ്യവല്ക്കരണത്തെക്കുറിച്ചും നവീകരണത്തെക്കുറിച്ചും പഠനം നടത്തുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. കേരളത്തിലെ തോട്ടങ്ങളുടെ വൈവിധ്യവൽക്കരണത്തെയും നവീകരണത്തെയും കുറിച്ച് പഠനം നടത്തുന്നതിന് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, കോഴിക്കോടിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) | ഈ മേഖലയിൽ നടപ്പാക്കാനുദ്ദേശിക്കുന്ന കേര (കേരള ക്ലൈമറ്റ് റിസൈലന്റ് അഗ്രി-വാല്യു ചെയിൻ മോഡണൈസേഷൻ) പദ്ധതി സംബന്ധിച്ച് വിശദമാക്കുമോ? | (സി) | സംസ്ഥാനത്തിന്റെ കാർഷിക മേഖലയിൽ ലോകബാങ്ക് ധനസഹായത്തോടെ നടപ്പാക്കുന്ന പദ്ധതിയാണ് കേര (കേരള ക്ലൈമറ്റ് റിസൈലന്റ് അഗ്രി-വാല്യു ചെയിൻ മോഡണൈസേഷൻ). കാലവസ്ഥ വ്യതിയാനം, പകർച്ച വ്യാധികൾ ഉൾപ്പെടെയുള്ള പ്രകൃതി ദുരന്തങ്ങൾ എന്നിവയ്ക്കെതിരായ കേരളത്തിന്റെ പ്രതിരോധ ശേഷി വർദ്ധിപ്പിക്കുക, ഈ മേഖലയിലെ മൂല്യ ശൃഖല സംവിധാനങ്ങൾ നവീകരിക്കുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യം. കൃഷി വകുപ്പ് മുഖേനയാണ് നിർദ്ദിഷ്ട പദ്ധതി നടപ്പിലാക്കുന്നത്. അഗ്രിക്കൾച്ചർ, വ്യവസായം, പ്ലാന്റേഷൻ എന്നീ മൂന്ന് മേഖലകൾക്കാണ് ഈ പദ്ധതി പ്രകാരം സഹായം ലഭ്യമാക്കുന്നത്. ആയതിൽ പ്ലാന്റേഷൻ മേഖലക്ക് 472 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്ലാന്റേഷൻ മേഖലയിൽ ഈ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ചർച്ചകൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ